# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3620 17.10.2011-ൽ മറുപടിയ്ക്ക്

## ആലപ്പുഴ മെഡിക്കൽ കോളേജ് കോഴ്സുകൾ/ ജീവനക്കാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ : | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ മെഡിക്കൽ കോളേജ്, മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിൽ ഏതെല്ലാം തസ്തികകളാണുള്ളത്; ഓരോ തസ്തികയുടേയും അനുവദനീയമായ എണ്ണം എത്ര; നിലവിൽ ജോലി ചെയ്യുന്നവർ എത്ര; ഒഴിവുകൾ എത്ര എന്നീ വിവരങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ; | (എ) അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു |
| (ബി) ഇവയിൽ പി.എസ്.സി വഴിയല്ലാതെ നിയമനം നടത്തുന്ന തസ്തികകൾ ഏതെല്ലാം; അവയിലെ നിയമന രീതി വ്യക്തമാക്കുമോ; ഈ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; അവ നികത്തുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ; | (ബി) 31.05.2006 തീയതിയിലെ സ.ഉ(ആർ.റ്റി) നം.1543/06/ആകു.വ നമ്പരിലുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലക്ചറർ തസ്തികയിലേക്ക് താല്കാലിക നിയമനം നടത്തുന്നുണ്ട്. സൈറ്റോ ടെക്നീഷ്യൻ, ക്യൂറേറ്റർ എന്നീ തസ്തികകളിൽ നേരിട്ടും ലാബ് ടെക്നീഷ്യൻ/ ലാബ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ജോലി ചെയ്യുന്ന യോഗ്യതയുള്ളവരിൽ നിന്നും ബൈ ട്രാൻസ്ഫർ വഴിയും നിയമനം നടത്താറുണ്ട്. മീഡിയ മേക്കിംഗ് ടെക്നീഷ്യൻ തസ്തികയിലേക്ക് യോഗ്യതയുള്ള അറ്റൻഡർമാരെ പ്രൊമോഷൻ വഴിയാണ് നിയമനം നടത്തുന്നത്. ഇ.സി.ജി. ടെക്നീഷ്യൻ, ഇ.ഇ.ജി. ടെക്നീഷ്യൻ, എന്നീ തസ്തികകളിൽ നേരിട്ടും ജൂനിയർ ലാബ് അസിസ്റ്റന്റുമാർക്ക് ട്രെയിനിംഗ് നൽകി പ്രൊമോഷൻ നൽകിയും നിയമനം നടത്താറുണ്ട്. ലാബ് അസിസ്റ്റന്റ് തസ്തിക ലാബ്ടെക്നീഷ്യൻമാരുടെ ബൈ ട്രാൻസ്ഫർ നിയമനം വഴിയാണ് നികത്തുന്നത്. ജൂനിയർ ലാബ് അസിസ്റ്റന്റ് തസ്തിക നേരിട്ടും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ട്രെയിനിംഗ് നൽകി ട്രാൻസ്ഫർ നിയമനം നൽകിയും നികത്താറുണ്ട്. സോഷ്യൽ സയന്റിസ്റ്റ് തസ്തിക |

| | |
|---|---|
| | എം.എ. സോഷ്യോളജി പാസ്സായ ക്ലാസ്സ് 3 വിഭാഗം ജീവനക്കാർക്ക് ബൈ ട്രാൻസ്ഫർ നിയമനം നൽകി നികത്തുന്നു. സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തിക സ്റ്റാറ്റിസ്റ്റിക്സ്/ സ്റ്റാറ്റിസ്റ്റിക്സ് സബ് ആയി ബി.എസ്.സി. മാത്തമാറ്റിക്സ് പാസ്സായ യു.ഡി. ക്ലാർക്കുമാരിൽ നിന്നും ഓപ്ഷൻ വാങ്ങി ബൈ ട്രാൻസ്ഫർ നിയമനം നൽകിയും നികത്താറുണ്ട്. ഹെൽത്ത് സൂപ്പർ വൈസർ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1, 2-ന്റെ പ്രൊമോഷൻ തസ്തികയാണ്. നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1, 2-ന്റെ പ്രൊമോഷൻ തസ്തികയാണ്. പ്യൂൺ, വാച്ച്മാൻ, മാർക്കർ എന്നീ തസ്തികകളിലൊഴികെ എല്ലാ ലാസ്റ്റ് ഗ്രേഡ് തസ്തികകളിലും നിയമനങ്ങൾ നടത്തുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) ആലപ്പുഴ മെഡിക്കൽ കോളേജിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളത്; ഓരോ കോഴ്സിലും എത്ര സീറ്റുകളാണ് ഉള്ളത്; ഓരോ കോഴ്സിന്റേയും കാലയളവ് എത്ര എന്നിവ വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ; | (സി) അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു |
| (ഡി) ആലപ്പുഴ മെഡിക്കൽ കോളേജിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ അനുവദനീയമായ തസ്തികകളിൽ നിലവിൽ ജോലിചെയ്യുന്നു, ഒഴിവുകൾ എന്നിവ കാണിക്കുന്ന സ്റ്റേറ്റ്മെന്റും തസ്തികാനുവാദം നൽകിയ ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കുമോ? | (ഡി) അനുബന്ധം മൂന്നിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

| | |
|---|---|
| | എം.എ. സോഷ്യോളജി പാസ്സായ ക്ലാസ്സ് 3 വിഭാഗം ജീവനക്കാർക്ക് ബൈ ട്രാൻസ്ഫർ നിയമനം നൽകി നികത്തുന്നു. സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തിക സ്റ്റാറ്റിസ്റ്റിക്സ്/സ്റ്റാറ്റിസ്റ്റിക്സ് സബ് ആയി ബി.എസ്.സി. മാത്തമാറ്റിക്സ് പാസ്സായ യു.ഡി. ക്ലാർക്കുമാരിൽ നിന്നും ഓപ്ഷൻ വാങ്ങി ബൈ ട്രാൻസ്ഫർ നിയമനം നൽകിയും നികത്താറുണ്ട്. ഹെൽത്ത് സൂപ്പർ വൈസർ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1, 2-ന്റെ പ്രൊമോഷൻ തസ്തികയാണ്. നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1. 2-ന്റെ പ്രൊമോഷൻ തസ്തികയാണ്. പ്യൂൺ, വാച്ച്മാൻ, മാർക്കർ എന്നീ തസ്തികകളിലൊഴികെ എല്ലാ ലാസ്റ്റ് ഗ്രേഡ് തസ്തികകളിലും നിയമനങ്ങൾ നടത്തുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) ആലപ്പുഴ മെഡിക്കൽ കോളേജിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളത്; ഓരോ കോഴ്സിലും എത്ര സീറ്റുകളാണ് ഉള്ളത്; ഓരോ കോഴ്സിന്റേയും കാലയളവ് എത്ര എന്നിവ വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ; | (സി) അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു |
| (ഡി) ആലപ്പുഴ മെഡിക്കൽ കോളേജിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ അനുവദനീയമായ തസ്തികകളിൽ നിലവിൽ ജോലിചെയ്യുന്നു, ഒഴിവുകൾ എന്നിവ കാണിക്കുന്ന സ്റ്റേറ്റ്മെന്റും തസ്തികാനുവാദം നൽകിയ ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കുമോ? | (ഡി) അനുബന്ധം മൂന്നിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.